2026
FEBRUARY
02
MONDAY

www.societytodaynews.com
സൊസൈറ്റി ടുഡേ
SOCIETY TODAY
e-paper




# അഭിവൃദ്ധിയിലേക്കുള്ള ചുവട് വെയ്പ്പ്

**ന്യൂഡൽഹി:** മൂന്ന് കർത്തവ്യങ്ങളിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ടതാണ് ഈ ബജറ്റെന്ന് കേന്ദ്രധനകാര്യമന്ത്രി നിർമ്മലാ സീതാരാമൻ ബജറ്റ് അവതരിപ്പിച്ചുകൊണ്ട് പറഞ്ഞു.ഉൽപ്പാദനക്ഷമതയും മത്സരക്ഷമതയും വർദ്ധിപ്പിച്ച്, അസ്ഥിരമായ ആഗോള രീതികളെ പ്രതിരോധിക്കുന്നതിലൂടെ സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുകയും നിലനിർത്തുകയും ചെയ്യുക എന്നതാണ് ആദ്യ കർത്തവ്യം.രണ്ടാമത്തെ കർത്തവ്യം ജനങ്ങളുടെ അഭിലാഷങ്ങൾ നിറവേറ്റുകയും അവരുടെ ശേഷി വർദ്ധിപ്പിക്കുകയും ചെയ്യുക, രാജ്യത്തിന്റെ അഭിവൃദ്ധിയിലേക്കുള്ള പാതയിൽ അവരെ ശക്തമായ പങ്കാളികളാക്കുക എന്നതാണ്.സബ്കാ സാത്ത്, സബ്കാ വികാസ് (ഏവർക്കും ഒപ്പം ഏവരുടെയും വികസനം) എന്ന ദർശനവുമായി യോജിപ്പിച്ചിരിക്കുന്ന മൂന്നാമത്തെ കർത്തവ്യം, ഓരോ കുടുംബത്തിനും, സമൂഹത്തിനും, പ്രദേശത്തിനും, മേഖലയ്ക്കും അർത്ഥവത്തായ പങ്കാളിത്തത്തിനുള്ള വിഭവങ്ങൾ, സൗകര്യങ്ങൾ, അവസരങ്ങൾ എന്നിവ ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കുക എന്നതാണെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.

## ബജറ്റിലെ പ്രധാന നിർദ്ദേശങ്ങൾ

* ഇന്ത്യയെ ആഗോള ബയോഫാർമ നിർമ്മാണ കേന്ദ്രമായി മാറ്റുന്നതിനായി ബയോഫാർമ ശക്തി പദ്ധതി.

* സെമികണ്ടക്ടർ നിർമ്മാണത്തിന് ആവശ്യമായ ഉപകരണങ്ങളും അസംസ്കൃത വസ്തുക്കളും ഇന്ത്യയിൽ തന്നെ ഉൽപ്പാദിപ്പിക്കുന്നതിനായി 'ISM 2.0' ആരംഭിക്കും.

* ഒഡിഷ, കേരളം, ആന്ധ്രാപ്രദേശ്, തമിഴ്നാട് എന്നീ ധാതു സമ്പന്ന സംസ്ഥാനങ്ങളെ പിന്തുണയ്ക്കുന്നതിനായി പ്രത്യേക അപൂർവ ധാതു ഇടനാഴികൾ സ്ഥാപിക്കും.

* വസ്ത്ര മേഖലയ്ക്ക് സംയോജിത പദ്ധതി

* 'ചലഞ്ച് മോഡിൽ' ബൃഹദ് ടെക്സ്റ്റൈൽ പാർക്കുകൾ സ്ഥാപിക്കും.

* ഖാദി, കൈത്തറി, കരകൗശല മേഖലകളെ ശക്തിപ്പെടുത്തുന്നതിനായി മഹാത്മാഗാന്ധി ഗ്രാമ സ്വരാജ് സംരംഭം

* സൂക്ഷ്മ സംരംഭങ്ങൾക്ക് സ്വയംപര്യാപ്ത ഇന്ത്യ ഫണ്ട്.

* ചെറുകിട സംരംഭങ്ങളെ സഹായിക്കുന്നതിനായി 'കോർപ്പറേറ്റ് മിത്ര' എന്ന പേരിൽ വിദഗ്ധ സംഘത്തെ വാർത്തെടുക്കും.

* സ്വകാര്യ നിക്ഷേപകരുടെ ആശങ്ക പരിഹരിക്കുന്നതിനായി 'റിസ്ക് ഗ്യാരന്റി ഫണ്ട്' രൂപീകരിക്കും.

* പുതിയ ചരക്ക് ഇടനാഴികൾ സ്ഥാപിക്കും.

* 20 പുതിയ ദേശീയ ജലപാതകൾ പ്രവർത്തനസജ്ജമാക്കും.

* കോസ്റ്റൽ കാർഗോ പ്രമോഷൻ പദ്ധതി ആരംഭിക്കും.

* 'സീപ്ലെയ്ൻ വി.ജി.എഫ് (VGF) സ്കീം' ആവിഷ്കരിക്കും

* ഏഴ് അതിവേഗ റെയിൽ ഇടനാഴികൾ വികസിപ്പിക്കും.

* വികസിത ഭാരതത്തിനായുള്ള ബാങ്കിംഗ് ഉന്നതതല സമിതി രൂപീകരിക്കും.

* പവർ ഫിനാൻസ് കോർപ്പറേഷൻ (PFC), റൂറൽ ഇലക്ട്രിഫിക്കേഷൻ കോർപ്പറേഷൻ (REC) പുനഃസംഘടിപ്പിക്കും.

* വിദ്യാഭ്യാസം മുതൽ തൊഴിലും സംരംഭവും വരെ' എന്ന പേരിൽ ഉന്നതാധികാര സ്റ്റാൻഡിംഗ് കമ്മിറ്റി രൂപീകരിക്കും.

* അഞ്ച് റീജിയണൽ മെഡിക്കൽ ഹബ്ബുകൾ സ്ഥാപിക്കും.

* 3 പുതിയ അഖിലേന്ത്യാ ആയുർവേദ ഇൻസ്റ്റിറ്റിയൂട്ടുകൾ സ്ഥാപിക്കും

## ഓറഞ്ച് സമ്പദ്വ്യവസ്ഥ

* പ്രത്യേക 'കണ്ടന്റ് ക്രിയേറ്റർ ലാബുകൾ' സ്ഥാപിക്കും.

* 5 യൂണിവേഴ്സിറ്റി ടൗൺഷിപ്പുകൾ സ്ഥാപിക്കും.

* 'നാഷണൽ കൗൺസിൽ ഫോർ ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് ടെക്നോളജി'യെ 'നാഷണൽ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് ഹോസ്പിറ്റാലിറ്റി'യായി ഉയർത്തും.

* 'നാഷണൽ ഡെസ്റ്റിനേഷൻ ഡിജിറ്റൽ നോളജ് ഗ്രിഡ്' സ്ഥാപിക്കും.



* 15 പുരാവസ്തു കേന്ദ്രങ്ങളെ സാംസ്കാരിക വിനോദസഞ്ചാര കേന്ദ്രങ്ങളായി വികസിപ്പിക്കും.

* കായിക മേഖലയ്ക്ക്'ഖേലോ ഇന്ത്യ മിഷൻ' ആരംഭിക്കും.

* ഉയർന്ന മൂല്യമുള്ള വിളകളെ പിന്തുണയ്ക്കും.തീരദേശങ്ങളിൽ തേങ്ങ, ചന്ദനം, കൊക്കോ, കശുവണ്ടി തുടങ്ങിയ ഉയർന്ന മൂല്യമുള്ള വിളകളുടെ കൃഷിക്ക് സർക്കാർ പിന്തുണ നൽകും.

* 'കോക്കനട്ട് പ്രൊമോഷൻ സ്കീം' (നാളികേര വികസന പദ്ധതി) ആരംഭിക്കും.

* കാർഷിക വിഭവങ്ങൾ ലഭ്യമാക്കുന്നതിനുള്ള ബഹുഭാഷാ എ. ഐ ഉപകരണം പുറത്തിറക്കും.

* ഭിന്നശേഷിക്കാർക്കായി ദിവ്യാംഗജൻ കൗശൽ യോജന.

* ഉത്തരേന്ത്യയിൽ പുതിയ നിംഹാൻസ്

* കിഴക്കൻ തീരത്ത് ദുർഗാപൂരിനെ പ്രധാന കേന്ദ്രമാക്കി സംയോജിത വ്യാവസായ ഇടനാഴി വികസിപ്പിക്കും.

* 2025 ലെ പുതിയ ആദായനികുതി നിയമം, 2026 ഏപ്രിൽ മുതൽ പ്രാബല്യത്തിൽ

* മോട്ടോർ ആക്സിഡന്റ് ക്ലെയിംസ് ട്രൈബ്യൂണൽ, വ്യക്തികൾക്ക് അനുവദിക്കുന്ന പലിശയെ ആദായനികുതിയിൽ നിന്ന് ഒഴിവാക്കും, ഈ ഇനത്തിലുള്ള ടിഡിഎസ് നിർത്തലാക്കും.

* വിദേശ ടൂർ പാക്കേജുകളുടെ ടിസിഎസ് നിരക്ക് 2 ശതമാനമായി കുറയ്ക്കും

* വിദ്യാഭ്യാസം, ചികിൽസ എന്നിവയ്ക്കായുള്ള എൽആർഎസ് പണമിടപാടുകൾക്കുള്ള ടിസിഎസ് നിരക്ക് 2 ശതമാനമായി കുറയ്ക്കും

* ചെറുകിട നികുതിദായകർക്കായി ഓട്ടോമേറ്റഡ് സംവിധാനം ഏർപ്പെടുത്തും.

* ടാക്സ് റിട്ടേണുകൾ ഫയൽ ചെയ്യുന്നതിനുള്ള സമയക്രമം ഘട്ടംഘട്ടമായി ക്രമീകരിക്കും.

* എൻആർഐകൾ ഉൾപ്പെടുന്ന വസ്തു ഇടപാടുകൾക്ക് ഇനി ടാൻ ആവശ്യമില്ല; പകരം വാങ്ങുന്നയാളുടെ പാൻ കാർഡ് ഉപയോഗിച്ചുള്ള ചലാൻ സംവിധാനം

* പാൽ, എണ്ണക്കുരുക്കൾ, പഴങ്ങൾ, പച്ചക്കറികൾ എന്നിവ ഉൽപ്പാദിപ്പിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന പ്രാഥമിക സഹകരണ സംഘങ്ങൾക്ക് ലഭിക്കുന്ന നികുതിയിളവ്, കന്നുകാലിത്തീറ്റയും പരുത്തിക്കുരുവും വിതരണം ചെയ്യുന്ന സംഘങ്ങൾക്കും ലഭ്യമാക്കും.

* ഐടി സേവനങ്ങൾക്കായി 'സേഫ് ഹാർബർ' ആനുകൂല്യം ലഭിക്കുന്നതിനുള്ള പരിധി 300 കോടി രൂപയിൽ നിന്ന് 2,000 കോടി രൂപയായി വർദ്ധിപ്പിച്ചു.

* ഇന്ത്യയിലെ ഡാറ്റാ സെന്ററുകൾ ഉപയോഗിച്ച് ആഗോളതലത്തിൽ ക്ലൗഡ് സേവനങ്ങൾ നൽകുന്ന വിദേശ കമ്പനികളെ 2047വരെ നികുതിയിൽ നിന്ന് ഒഴിവാക്കും

* മദ്യം, ആക്രി സാധനങ്ങൾ ധാതുക്കൾ എന്നിവയുടെ വിൽപ്പനക്കാർക്കുള്ള ടിസിഎസ് നിരക്ക് 2 ശതമാനമായി ഏകീകരിക്കും.

* ലിഥിയംഅയൺ ബാറ്ററികളുടെ നിർമ്മാണത്തിനുള്ള യന്ത്രസാമഗ്രികളുടെ കസ്റ്റംസ് ഡ്യൂട്ടി ഇളവ് നീട്ടി.

* ആണവോർജ്ജ പദ്ധതികൾക്ക് ആവശ്യമായ സാധനങ്ങളുടെ കസ്റ്റംസ് ഡ്യൂട്ടി ഇളവ് 2035 വരെ ദീർഘിപ്പിച്ചു.

* വിമാനങ്ങളുടെയും പരിശീലന വിമാനങ്ങളുടെയും നിർമ്മാണത്തിനുള്ള ഘടകങ്ങളുടെയും ഭാഗങ്ങളുടെയും നികുതി ഒഴിവാക്കി.

* മൈക്രോവേവ് ഓവൻ നിർമ്മാണത്തിന് ഉപയോഗിക്കുന്ന പ്രത്യേക ഭാഗങ്ങളുടെ അടിസ്ഥാന കസ്റ്റംസ് തീരുവ ഒഴിവാക്കി.

* പ്രത്യേക സാമ്പത്തിക മേഖലകളിലെ യോഗ്യതയുള്ള യൂണിറ്റുകൾക്ക് ആഭ്യന്തര വിപണിയിൽ കുറഞ്ഞ നികുതിയിൽ സാധനങ്ങൾ വിൽക്കാൻ അനുമതി നൽകും.

* വ്യക്തിഗത ആവശ്യങ്ങൾക്കായി ഇറക്കുമതി ചെയ്യുന്ന സാധനങ്ങളുടെ നികുതി 20 ശതമാനത്തിൽ നിന്ന് 10 ശതമാനമായി കുറയ്ക്കും.

* 17 തരം മരുന്നുകൾക്ക് കസ്റ്റംസ് ഡ്യൂട്ടി ഒഴിവാക്കി.

* 7 തരം അപൂർവ്വ രോഗങ്ങൾക്കുള്ള മരുന്നുകളുടെയും ഭക്ഷണത്തിന്റെയും നികുതിരഹിത വ്യക്തിഗത ഇറക്കുമതി അനുവദിക്കും.

* ചരക്ക് നീക്കം സുഗമവും വേഗത്തിലുമാക്കുന്നതിന് കസ്റ്റംസ് നടപടികളിൽ ഉദ്യോഗസ്ഥ ഇടപെടൽ കുറയ്ക്കും.

* കസ്റ്റംസ് വകുപ്പ് നൽകുന്ന അഡ്വാൻസ് റൂളിംഗുകളുടെ കാലാവധി നിലവിലെ 3 വർഷത്തിൽ നിന്ന് 5 വർഷമായി ദീർഘിപ്പിച്ചു.

* വിവിധ ഗവണ്മെന്റ് ഏജൻസികളിൽ നിന്നുള്ള ചരക്ക് ക്ലിയറൻസ് അനുമതികൾ ഈ സാമ്പത്തിക വർഷാവസാനത്തോടെ ഏകീകൃത ഡിജിറ്റൽ ജാലകം വഴി ലഭ്യമാക്കും.

* മറ്റ് നിബന്ധനകൾ ഇല്ലാത്ത സാധനങ്ങൾക്ക്, ഇറക്കുമതിക്കാരൻ ഓൺലൈൻ രജിസ്ട്രേഷൻ പൂർത്തിയാക്കിയാലുടൻ കസ്റ്റംസ് ക്ലിയറൻസ് നൽകും.

* 'കസ്റ്റംസ് ഇന്റഗ്രേറ്റഡ് സിസ്റ്റം' രണ്ട് വർഷത്തിനുള്ളിൽ നടപ്പിലാക്കും.

# ഇന്നത്തെ പരിപാടി

### കൊച്ചി

- **മഹാരാജാസ് കോളേജ് സ്റ്റേഡിയം :** സ്പോർട്സ് സ്കൂൾ, സ്പോർട്സ് ഡിവിഷനുകൾ, ജില്ലാ സ്പോർട്സ് അക്കാദമികൾ, സ്കൂൾ സ്പോർട്സ് അക്കാദമി എന്നിവിടങ്ങളിലേക്ക് അഡ്മിഷനുള്ള പ്രാഥമിക സെലക്ഷൻ – രാവിലെ 8.30.

### കളമശ്ശേരി

- **കേരള സ്റ്റേറ്റ് സ്മോൾ ഇൻഡസ്ട്രീസ് അസോസിയേഷൻ കോൺഫറൻസ് ഹാൾ :** തെളിവെടുപ്പ് യോഗം – രാവിലെ 11ന്.

### കടുങ്ങല്ലൂർ

- **മുപ്പത്തടം ശ്രീ മുതുകാട് ഭഗവതി ക്ഷേത്രം :** താലപ്പൊലി ഉത്സവം – റിതിക രതീഷിന്റെ സംഗീത കച്ചേരി, കൊല്ലം കെ. ആർ. പ്രസാദിന്റെ നൃത്ത സംഗീത നാടകം ശാകുന്തളം – രാത്രി 7.30 മുതൽ.

# ഹെൽത്ത്കെയർ രംഗത്ത് സ്വകാര്യമേഖലയുടെ പങ്ക് നിർണായകം




ഐ.എം.എ കൊച്ചിയുടെ ആഭിമുഖ്യത്തിൽ കലൂർ ഐ.എം.എ ഹൗസിൽ നടക്കുന്ന ഹെൽത്ത്കെയർ സമ്മിറ്റ് മുൻ അഡീഷണൽ ചീഫ് സെക്രട്ടറി രാജീവ് സദാനന്ദൻ ഐ.എ.എസ് ഉദ്ഘാടനം ചെയ്യുന്നു. മരിയ ഏബ്രഹാം, ബി.ജി മേനോൻ, ഡോ. അതുൽ ജോസഫ് മാനുവൽ, ഡോ. ജിജോ വി. ചെറിയാൻ, ഡോ. എം. എൻ മേനോൻ, ഡോ.സച്ചിൻ സുരേഷ്, ഡോ.ബിനു കുന്നത്ത്, കുര്യൻ ഏബ്രഹാം തുടങ്ങിയവർ സമീപം

**കൊച്ചി:** സംസ്ഥാനത്തെ ആരോഗ്യമേഖലയിൽ സ്വകാര്യമേഖലയുടെ പങ്ക് നിർണായകമെന്ന് മുൻ അഡീഷണൽ ചീഫ് സെക്രട്ടറി രാജീവ് സദാനന്ദൻ ഐ.എ.എസ്. ഐ.എം.എ കൊച്ചിയുടെ ആഭിമുഖ്യത്തിൽ കലൂർ ഐ.എം.എ ഹൗസിൽ നടക്കുന്ന ഹെൽത്ത്കെയർ സമ്മിറ്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഡോക്ടർമാർ എല്ലായ്പോഴും രോഗികളോട് സഹാനുഭൂതിയുള്ളവരായിരിക്കണമെന്ന് സമ്മിറ്റിൽ പങ്കെടുത്ത ഐ.എം.എ സംസ്ഥാന പ്രസിഡന്റ് ഡോ.എം.എൻ മേനോൻ അഭിപ്രായപ്പെട്ടു. ഐഎംഎ കൊച്ചിൻ പ്രസിഡന്റ് ഡോ. അതുൽ ജോസഫ് മാനുവൽ, സെക്രട്ടറി ഡോ.സച്ചിൻ സുരേഷ്, മേയ്ത്ര ഹോസ്പിറ്റൽ മെഡിക്കൽ ഡയറക്ടർ ഡോ. ജിജോ വി ചെറിയാൻ, കാരിത്താസ് ഹോസ്പിറ്റൽ ഡയറക്ടർ ഡോ.ബിനു കുന്നത്ത്, എസിഎംഇ കൺസൾട്ടിംഗ് എം ഡി ബി. ജി മേനോൻ, കുര്യൻ എബ്രാഹം, മരിയ എബ്രാഹം തുടങ്ങിയവർ സംസാരിച്ചു. സമ്മിറ്റിൽ ആരോഗ്യമേഖലയിലെ 40 ലധികം വിദഗ്ദരാണ് പ്രഭാഷകരായി എത്തുന്നത്. സംസ്ഥാനത്തെ ഹെൽത്ത് കെയർ രംഗത്ത് വിവിധ രംഗങ്ങളിൽ മികവ് തെളിയിച്ച സ്ഥാപനങ്ങൾക്കുള്ള അവാർഡ് വിതരണം സമിറ്റിനോടനുബന്ധിച്ച് നടന്നു. സമ്മിറ്റിന്റെ ഭാഗമായ 60 ലേറെ സ്റ്റാളുകളുള്ള എക്സ്പോയും ഒരുക്കിയിട്ടുണ്ട്. എക്സ്പോയിലേക്കുള്ള പ്രവേശനം സൗജന്യമാണ്.

# സി. ജെ റോയിയുടെ മരണം: പ്രതിഷേധ സദസ്സ് ഇന്ന്

**കൊച്ചി:** കഴിഞ്ഞ ദിവസം അന്തരിച്ച വ്യവസായ പ്രമുഖനും മലയാളിയുമായ ഡോ. സി.ജെ.റോയിക്ക് ആദരാഞ്ജലി അർപ്പിച്ചും സി. ജെ റോയിയുടെ മരണത്തിന്റെ യഥാർഥ വസ്തുത വെളിച്ചത്തുകൊണ്ടുവരണമെന്നും ആവശ്യപ്പെട്ട് കേരള വ്യാപാരി വ്യവസായി ഏകോപന സമിതി യൂത്ത് വിംഗ് എറണാകുളം ജില്ലാ കമ്മറ്റിയുടെ നേതൃത്വത്തിൽ ഇന്ന് എറണാകുളം ഹൈക്കോർട്ട് ജംഗ്ഷനിൽ അനുശോചന യോഗവും പ്രതിഷേധ സദസ്സും നടത്തും. യൂത്ത് വിംഗ് സംസ്ഥാന വർക്കിംഗ് പ്രസിഡന്റും എറണാകുളം ജില്ലാ പ്രസിഡന്റുമായ പ്രദീപ് ജോസിന്റെ അധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ ഏകോപന സമിതി സംസ്ഥാന വൈസ് പ്രസിഡന്റ് പി. സി ജേക്കബ്ബ് മുഖ്യപ്രഭാഷണം നടത്തും.

## ഹരിതകേരളം മിഷൻ പരിസ്ഥിതി സെമിനാർ സംഘടിപ്പിച്ചു

**കൊച്ചി:** ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ പരിസ്ഥിതി പുനഃസ്ഥാപന മേഖലയിലെ അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനും പുതിയ കർമ്മ പദ്ധതികൾക്കും, ആശയങ്ങൾക്കും രൂപം നൽകുന്നതിനുമായി ജില്ലാതല പരിസ്ഥിതി സെമിനാർ സംഘടിപ്പിച്ചു. ജില്ലാ പഞ്ചായത്ത് പ്രിയദർശനി ഹാളിൽ നടന്ന സെമിനാർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ ജി രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

# അവയവമാറ്റം നടത്തിയ രോഗികൾക്ക് കാരുണ്യസ്പർശം വഴി മരുന്ന് ലഭ്യമാക്കും




അവയദാന ബോധവൽക്കരണത്തിന്റെ ഭാഗമായി റോട്ടറി കൊച്ചിൻ ഡൗൺടൗൺ, എം.ജി യൂണിവേഴ്സിറ്റി എറണാകുളം റീജ്യണിലെ എൻഎസ്എസ് യൂണിറ്റുകൾ , ലിവർ ഫൗണ്ടേഷൻ ഓഫ് കേരള , ഐ.എം.എ കൊച്ചി എന്നിവരുടെ നേതൃത്വത്തിൽ കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച റിപ്പിൾസ് ഓഫ് ലൈഫ് പ്രോഗ്രാം മന്ത്രി വീണാ ജോർജ്ജ് ഉദ്ഘാടനം ചെയ്യുന്നു. വിനു വി. നായർ, ഡോ. സുനിൽ കെ. മത്തായി, ഡോ. എസ്. സുധീന്ദ്രൻ, പത്മഭൂഷൻ ഡോ. ജോസ് ചാക്കോ പെരിയപ്പുറം, ഡോ. അതുൽ ജോസഫ് മാനുവൽ, എസ്.എ.എസ് നവാസ്, എം. രാജേഷ് കുമാർ, ഡോ. നോബിൾ ഗ്രേഷ്യസ്, കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി, ഡോ. ജി. എൻ രമേഷ്, മേജർ സൂസി പോൾ, ഹൈബി ഈഡൻ എം.പി, പ്രൊഫ. ഡോ. ഇ. എൻ ശിവദാസൻ, ബാബുകുരിവിള, ഡോ. സുബ്രമഹ്ണ്യ അയ്യർ, സാജി ചന്ദ്രൻ എന്നിവർ സമീപം

**കൊച്ചി :** അവയമാറ്റം നടത്തിയ രോഗികൾക്കുള്ള മരുന്നുകൾ സംസ്ഥാനത്തെ കാരുണ്യസ്പർശം സീറോ പ്രോഫിറ്റ് പദ്ധതി വഴി ലഭ്യമാക്കുമെന്ന് സംസ്ഥാന ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്ജ് പറഞ്ഞു. മരണാനന്തര അവയവ ദാനത്തെക്കുറിച്ച് സമൂഹത്തിൽ അവബോധം സൃഷ്ടിക്കുന്നതിനും മരണാനന്തരം അവയവം ദാനം ചെയ്യുവാൻ ആഗ്രഹിക്കുന്നവരുടെ രജിസ്ട്രേഷൻ നടപടികളുടെ പ്രചരണാർത്ഥവും റോട്ടറി കൊച്ചിൻ ഡൗൺ ടൗൺ, എം.ജി യൂണിവേഴ്സിറ്റി എറണാകുളം റീജ്യണിലെ എൻ.എസ്.എസ് യൂണിറ്റുകൾ , ലിവർ ഫൗണ്ടേഷൻ ഓഫ് കേരള , ഐ.എം.എ കൊച്ചി എന്നിവരുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച റിപ്പിൾസ് ഓഫ് ലൈഫ് പ്രോഗ്രാം കടവന്ത്ര രാജീവ് ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ ഉദ്ഘടാനം ചെയ്യുകയായിരുന്നു മന്ത്രി.

കേരളം ആരോഗ്യ സൂചികയിൽ മികച്ചു നിൽക്കുന്ന സംസ്ഥാനമാണെങ്കിലും ജീവിത ശൈലീ രോഗങ്ങൾ ജീവിത നിലവാരത്തെ ബാധിക്കുന്നുണ്ട്. കഴിഞ്ഞ 15 വർഷത്തെ കണക്കുമായി താരതമ്യം ചെയ്യുമ്പോൾ സംസ്ഥാനത്ത് അവയവമാറ്റ ശസ്ത്രക്രിയ ആവശ്യമായവരുടെ എണ്ണം വർധിച്ചു വരുന്നതായിട്ടാണ് കാണുന്നത്. മേഖലയുമായി ബന്ധപ്പെട്ടുണ്ടായ വ്യവഹാരങ്ങൾ മരണാനന്തര അവയവദാന പ്രക്രിയയെ വലിയ തോതിൽ ബാധിച്ചു. മസ്തിഷ്ക്ക മരണം സ്ഥിരീകരിക്കുന്നതിന് ഡോക്ടർമാർ ഭയന്നിരുന്ന സാഹചര്യമുണ്ടായിരുന്നു. തുടർന്ന് കോടതികൾ നീതിപൂർവ്വകമായ വിധി പുറപ്പെടുവിച്ചതിനെ തുടർന്ന് 2024, 2025 വർഷം താരതമ്യം ചെയ്യുമ്പോൾ അവയവദാനത്തിൽ 64 ശതമാനം വർധനവുണ്ടായി. ഒപ്പം മരണാനന്തര അവയവാദനത്തിന് സന്നദ്ധമാകുന്ന കുടുംബങ്ങളുടെ എണ്ണത്തിലും വർധനവുണ്ടായിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. ഡിസ്ട്രിക്റ്റ് 3205 ഗവർണർ ഡോ. ജി. എൻ രമേഷ് അധ്യക്ഷത വഹിച്ചു.

മസ്തിഷക മരണത്തെ തുടർന്ന് അവയവങ്ങൾ ദാനം ചെയ്ത വ്യക്തികളുടെ കുടുംബാംഗങ്ങളെയും സ്വീകർത്താക്കളെയും പങ്കെടുപ്പിച്ച് ലിഫോക്ക് സെക്രട്ടറി വിനു വി. നായർ നടത്തിയ 'നേർക്കാഴ്ച"എന്ന പരിപാടിയിൽ ആരക്കുന്നം സ്വദേശി ശ്രുതിയ്ക്ക് മരണാനന്തരം ഹൃദയം ദാനം ചെയ്ത ചങ്ങനാശേരി സ്വദേശി ലാലിച്ചൻ, സംസ്ഥാനത്ത് ആദ്യമായി കൈകൾ മാറ്റി വെയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയനായ മനുവിന് കൈകൾ ദാനം ചെയ്ത വരാപ്പുഴ സ്വദേശി ബിനോയി എന്നിവരുടെ കുടുംബാംഗങ്ങളെ ചടങ്ങിൽ മന്ത്രി വീണാ ജോർജ്ജ് ആദരിച്ചു.

അവയവാദന പ്രോൽസാഹനവുമായി ബന്ധപ്പെട്ട് നടത്തിയ ഷോർട്ട് ഫിലിം മൽസരത്തിൽ ഒന്നാം സ്ഥാനം നേടിയ കാക്കനാട് രാജഗിരി കോളജ് ഓഫ് മാനേജ്മെന്റ് ആന്റ് അപ്ലൈഡ് സയൻസ്, രണ്ടാം സ്ഥാനം നേടിയ കറുകുറ്റി എസ് സി എം എസ് സ്കൂൾ ഓഫ് എൻജിനീയറിംഗ് ആന്റ് ടെക്നോളജി, മൂന്നാം സ്ഥാനം നേടിയ കളമശേരി രാജഗിരി കോളജ് ഓഫ് സോഷ്യൽ സയൻസ്, സ്കിറ്റ് മൽസരത്തിൽ ഒന്നാം സ്ഥാനം നേടിയ തൃക്കാക്കര ഭാരത് മാതാ കോളജ് എന്നിവർക്കുള്ള ക്യാഷ് അവാർഡുകളും സർട്ടിഫിക്കറ്റുകളും ചടങ്ങിൽ സമ്മാനിച്ചു.

ഹൈബി ഈഡൻ എം.പി, മേയർ അഡ്വ. വി. കെ മിനിമോൾ, കൊച്ചിൻ ഐ.എം.എ പ്രസിഡന്റ് ഡോ. അതുൽ ജോസഫ് മാനുവൽ, പത്മഭൂഷൻ ഡോ. ജോസ് ചാക്കോ പെരിയപ്പുറം, ഡോ. ദിനേഷ് ബാലകൃഷ്ണൻ, ഡോ. സുബ്രമഹ്ണ്യ അയ്യർ, ഡോ. എസ് സുധീന്ദ്രൻ, ഡോ. ചാൾസ് പനയ്ക്കൽ, ഡോ. മാത്യു ജേക്കബ്ബ്, ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ ചെയർമാൻ കൊച്ചൗസേപ്പ് ചിറ്റിലപ്പിള്ളി, കെസോട്ടോ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. നോബിൾ ഗ്രേഷ്യസ്, എം.ജി യൂണിവേഴ്സിറ്റി എൻ.എസ്.എസ് പ്രോഗ്രാം കോർഡിനേറ്റർ പ്രൊഫ. ഡോ. ഇ. എൻ ശിവദാസൻ, ആർ.എസ്. സി സെക്രട്ടറി എസ്.എ.എസ് നവാസ്, റോട്ടറി കൊച്ചിൻ ഡൗൺടൗൺ പ്രസിഡന്റ് മേജർ സൂസി പോൾ, ലിഫോക്ക് ചെയർമാൻ എം. രാജേഷ് കുമാർ, ട്രഷറർ ബാബുകുരിവിള ഓർഗൺ ഡൊണേഷൻ റോട്ടറി ഡിസ്ട്രിക് ചെയർമാൻ ഡോ. സുനിൽ കെ മത്തായി തുടങ്ങിയവർ സംസാരിച്ചു.പ്രോഗ്രാമിന്റെ ഭാഗമായി സെന്റ് തെരേസാസ് കോളജ് വിദ്യാർഥികളുടെ ലിഫോക്കിന്റെ 'ആത്മതാളം ' പദ്ധതിയുടെ നൃത്താവിഷ്ക്കാരവും ഉണ്ടായിരുന്നു.



**ആനക്കുളി.....** എറണാകുളം ശിവ ക്ഷേത്രത്തിൽ ഉൽസവത്തിന് എത്തിച്ച ആനയെ പാപ്പാന്മാർ കുളിപ്പിച്ചപ്പോൾ

ഫോട്ടോ: എ. എസ് സതീഷ്

# കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്റർ ഫെബ്രുവരി 9 ന് നാടിന് സമർപ്പിക്കും



**കൊച്ചി:** കൊച്ചിൻ കാൻസർ റിസർച്ച് സെന്റർ (സി.സി.ആർ.സി) ഫെബ്രുവരി 9 ഉച്ചക്ക് മൂന്നിന് മുഖ്യമന്ത്രി പിണറായി വിജയൻ നാടിന് സമർപ്പിക്കുമെന്ന് വ്യവസായ വകുപ്പ് മന്ത്രി പി. രാജീവ്. ചടങ്ങിൽ ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ് അധ്യക്ഷയാവും. ക്യാൻസർ റിസർച്ച് സെന്റർ സന്ദർശിച്ച ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു മന്ത്രി. 12.12 ഏക്കറിൽ നാല് ബ്ലോക്കുകളിൽ, 6.32 ലക്ഷം ചതുരശ്രയടിയിൽ, ഒൻപത് നിലകളിയായി ഒരുക്കിയിരിക്കുന്ന ക്യാൻസർ റിസർച്ച് സെന്ററിൽ ഐ.സി.യു ഉൾപ്പെടെ 451 കിടക്കകളാണ് ഉള്ളത്. ആദ്യഘട്ടത്തിൽ 100 കിടക്കളാണ് പ്രവർത്തന സജ്ജമാക്കിയിരിക്കുന്നത്.

16 ലിഫ്റ്റുകൾ, അത്യാധുനിക ഓപ്പറേഷൻ തിയേറ്ററുകൾ, 550 കാറുകൾക്ക് പാർക്കിങ് തുടങ്ങിയ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. നാടിന്റെ ഒരു പൊതുവായ ആഗ്രഹമാണ് ഇതിലൂടെ സാക്ഷാത്കരിക്കപ്പെടുന്നത്. കിഫ്ബിയിൽ നിന്നും 385 കോടിയാണ് പദ്ധതിക്ക് വേണ്ടി അനുവദിച്ചത്. സ്കാനിങ്, എക്സറേ, റേഡിയേഷൻ തുടങ്ങിയ കാര്യങ്ങൾക്ക് ഏറ്റവും അത്യാധുനികമായ ഉപകരണങ്ങളാണ് ഒരുക്കിയിരിക്കുന്നത്. എ.ഐ സാങ്കേതികവിദ്യയുടെ സഹായവും പരമാവധി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ എഡ്ജ് സർട്ടിഫിക്കറ്റ് കിട്ടുന്ന ആദ്യത്തെ ആശുപത്രി കെട്ടിടമാണ് ഇത്. ഇപ്പോൾ ആവശ്യമായിട്ടുള്ള വൈദ്യുതി പൂർണ്ണമായിട്ടും സോളാർ സംവിധാനത്തിലാണ് ക്രമീകരിച്ചിരിക്കുന്നത്. കെട്ടിടം 25 ശതമാനം കാർബൺലെസ് ആണ്.

2050 ൽ കേരളം പൂർണ്ണമായും കാർബൺ ന്യൂട്രൽ ആവുക എന്നതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. അതിനു കൂടി സഹായകമാകുന്ന ഒരു ഗ്രീൻ ബിൽഡിങ് ആണ് കൊച്ചിൻ ക്യാൻസർ റിസർച്ച് സെന്റർ. ഇൻകെൽ ആണ് നിർമ്മാണ ചുമതല വഹിച്ചത്.നിലവിൽ പുതിയതായി 159 പോസ്റ്റുകൾ സർക്കാർ സൃഷ്ടിച്ചിട്ടുണ്ട്. 31 പോസ്റ്റുകൾക്ക് നേരത്തെ തന്നെ അനുമതി നൽകിയിരുന്നു. റേഡിയോളജിയിൽ ഒരു പോസ്റ്റിനും അംഗീകാരമായിട്ടുണ്ട്. അങ്ങനെ ആകെ 191 പോസ്റ്റുകളാണ് ഉള്ളത്. ബാക്കി കുറച്ച് പോസ്റ്റുകൾ കൂടി അനുവദിക്കണമെന്ന് ആവശ്യമുയർന്നിട്ടുണ്ട്. അത് സർക്കാരിന്റെ പരിഗണനയിലാണ്. ക്യാൻസർ ചികിത്സയ്ക്ക് പുറമേ ഗവേഷണത്തിനും വിപുലമായ സംവിധാനങ്ങളാണ് ഇവിടെ സജ്ജീകരിച്ചിരിക്കുന്നത് എന്നും മന്ത്രി പറഞ്ഞു.

# എംഇഎസ് സംസ്ഥാന കലോത്സവം: മമ്പാട് എംഇഎസ് കോളജിന് കിരീടം

**കൊച്ചി:** മൂന്ന് രാപ്പകലുകളിലായി എറണാകുളം രാജേന്ദ്രമൈതാനിയിലും എറണാകുളം ടൗൺഹാളിലെ മൂന്ന് വേദികളിലുമായി കലാവസന്തം തീർത്ത് എംഇഎസ് സംസ്ഥാന യൂത്ത് ഫെസ്റ്റിന് കൊടിയിറങ്ങി.ആദ്യദിനം മുതൽ എതിരാളികളില്ലാതെ കുതിച്ച മലപ്പുറം മമ്പാട് ഡോ.ഗഫൂർ മെമ്മോറിയൽ എംഇഎസ് കോളജ് ഓവറോൾ കിരീടം നേടി. 178 പോയിന്റുമായാണ് മമ്പാട് കോളജിന്റെ തേരോട്ടം. ചാമ്പ്യൻമാർ ഏകപക്ഷീയമായി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ ഇഞ്ചോടിഞ്ച് പോരാട്ടമായിരുന്നു രണ്ടും മൂന്നും സ്ഥാനങ്ങൾക്ക്.




60 പോയിന്റുമായി എംഇഎസ് പൊന്നാനി കോളജ് രണ്ടാം സ്ഥാനക്കാരായി.ആറ് പോയിന്റ് വ്യത്യാസത്തിൽ (54) കൊടുങ്ങല്ലൂർ എംഇഎസ് അസ്മാബി കോളജ് മൂന്നാം പടിയിൽ ഫിനിഷ് ചെയ്തു. പെരിന്തൽമണ്ണ എംഇഎസ് മെഡിക്കൽ കോളജ് (45), മലപ്പുറം വളാഞ്ചേരി എംഇഎസ് കെവിഎം കോളജ് (43) ടീമുകൾ യഥാക്രമം നാലും അഞ്ചും സ്ഥാനങ്ങൾ നേടി. സമാപന സമ്മേളനം അഡ്വ.ഹാരിസ് ബീരാൻ എം.പി ഉദ്ഘാടനം ചെയ്തു. നടൻ ഷെയിൻ നിഗം വിജയികൾക്ക് ട്രോഫികളും സർട്ടിഫിക്കറ്റും സമ്മാനിച്ചു.

എംഇഎസ് സംസ്ഥാന ജനറൽ സെക്രട്ടറി കെ.കെ കുഞ്ഞുമൊയ്തീൻ അധ്യക്ഷനായ ചടങ്ങിൽ എം.എൽ.എമാരായ ടി.ജെ വിനോദ്, കെ.ബാബു, കെ.ജെ മാക്സി, ഉമ തോമസ്, അൻവർ സാദത്ത്, എംജി യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ പ്രൊഫ.ഡോ സി.ടി അരവിന്ദകുമാർ, സമസ്ത കേരള ശാസ്ത്ര പരിഷത്ത് ജന.സെക്രട്ടറി ഡോ.നെടുമുടി ഹരികുമാർ, യൂത്ത് ഫെസ്റ്റ് ചെയർമാൻ ഡോ.അബ്ദുൽ റഹീം ഫസൽ, എംഇഎസ് യൂത്ത് വിങ് സംസ്ഥാന പ്രസിഡന്റ് ആർ.കെ ഷാഫി, ജനറൽ സെക്രട്ടറി മുഹമ്മദ് നിസാർ ബി.എച്ച്, എംഇഎസ് സംസ്ഥാന വൈസ് പ്രസിഡന്റ് എം.എം അഷ്റഫ്, ട്രഷറർ ഒ.സി സലാഹുദ്ദീൻ, ജില്ലാ പ്രസിഡന്റ് കെ.എം ലിയാഖത്ത് അലിഖാൻ, സെക്രട്ടറി എം.ഐ അബ്ദുൽ ഷരീഫ്, യൂത്ത് ഫെസ്റ്റ് കോർഡിനേറ്റർ ഹംസ പട്ടാമ്പി, ഓർഗനൈസർ ജബ്ബാർ ജലാൽ, അക്കോമഡേഷൻ കമ്മിറ്റി ചെയർമാൻ ഇ.എം നിസാർ, യൂത്ത് വിങ് സംസ്ഥാന ട്രഷറർ ഷഹിം ഷാഹുൽ, എംഇഎസ് മക്കാരുപിള്ള കോളജ് പ്രൊഫസർ രാജഗോപാൽ തുടങ്ങിയവർ സംസാരിച്ചു.

## മിനിമം വേതനം തെളിവെടുപ്പ് യോഗം

**കൊച്ചി:** സംസ്ഥാനത്തെ ഫർണിച്ചർ വ്യവസായ മേഖലയിലും, ഗാർഹിക തൊഴിൽ മേഖലയിലും തൊഴിൽ എടുക്കുന്ന ജീവനക്കാരുടെ മിനിമം വേതനം പുതുക്കി നിശ്ചയിക്കുന്നതിനായി എറണാകുളം ജില്ലയിലെ തെളിവെടുപ്പ് യോഗം ഫെബ്രുവരി 2 രാവിലെ 11 മുതൽ കളമശ്ശേരി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽലുള്ള കേരള സ്റ്റേറ്റ് സ്മാൾ ഇൻഡസ്ട്രിസ് അസോസിയേഷൻ കോൺഫറൻസ് ഹാളിൽ നടക്കും. യോഗത്തിൽ ജില്ലയിലെ ഈ മേഖലകളിൽ പ്രവർത്തിച്ച് വരുന്ന ട്രേഡ് യൂണിയൻ/ തൊഴിലുടമ പ്രതിനിധികളും, തൊഴിലാളികളും പങ്കെടുക്കണമെന്ന് ജില്ലാ ലേബർ ഓഫീസറുടെ ചുമതല വഹിക്കുന്ന പി. എൻ ബിജു മോൻ അറിയിച്ചു

## വാക്ക് ഇൻ ഇന്റർവ്യൂ

**കൊച്ചി:** എറണാകുളം സർക്കാർ മെഡിക്കൽ കോളേജിൽ പ്രവർത്തിക്കുന്ന എ.ആർ.ടി സെന്ററിൽ കൗൺസിലർ തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നു. കേരള സ്റ്റേറ്റ് എയിഡ്സ് കൺട്രോൾ സൊസൈറ്റിയുടെ കീഴിലുള്ള തസ്തികയിലേക്ക് ഫെബ്രുവരി നാല് രാവിലെ 11ന് മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ ഓഫീസിൽ വാക്ക്ഇൻ ഇന്റർവ്യൂ നടക്കും. പ്രതിമാസ വേതനം 21,000 രൂപ. യോഗ്യത: സോഷ്യൽ വർക്ക്, സൈക്കോളജി, ആന്ത്രപ്പോളജി, ഹ്യൂമൻ ഡെവലപ്മെന്റ് അല്ലെങ്കിൽ നേഴ്സിംഗ് എന്നിവയിൽ ബിരുദവും കമ്പ്യൂട്ടർ പരിജ്ഞാനവും (എം.എസ് ഓഫീസ് അഭികാമ്യം), നാഷണൽ ഹെൽത്ത് പ്രോഗ്രാമിന് കീഴിൽ കൗൺസിലിംഗിൽ 3 വർഷത്തെ പ്രവൃത്തിപരിചയവും അല്ലെങ്കിൽ, മേൽപ്പറഞ്ഞ വിഷയങ്ങളിൽ ബിരുദാനന്തര ബിരുദവും കമ്പ്യൂട്ടർ പരിജ്ഞാനവും. പ്രായപരിധി 40 വയസ്സിന് താഴെ. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ വയസ്സ്, വിദ്യാഭ്യാസ യോഗ്യത, മേൽവിലാസം, ആധാർ, പ്രവൃത്തി പരിചയം എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകളും അവയുടെ പകർപ്പുകളും പാസ്പോർട്ട് സൈസ് ഫോട്ടോയും സഹിതം ഇന്റർവ്യൂവിന് ഹാജരാകണം.ഫോൺ : 0484-2754000, 0484-2764443

## അക്രഡിറ്റഡ് എഞ്ചിനീയർ ഒഴിവ്

**കൊച്ചി:** വെങ്ങോല ഗ്രാമപഞ്ചായത്തിലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ അക്രഡിറ്റഡ് എഞ്ചിനീയറുടെ താൽക്കാലിക ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. യോഗ്യരായ ഉദ്യോഗാർത്ഥികൾ വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഫെബ്രുവരി ര് രാവിലെ 10.30ന് ഗ്രാമപഞ്ചായത്ത് ഓഫീസിൽ കൂടിക്കാഴ്ചയ്ക്ക് നേരിട്ട് ഹാജരാകണം. ഫോൺ : 0484-2522432.

## ഡെപ്യൂട്ടി ലൈബ്രേറിയൻ ഒഴിവ്

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ ഡെപ്യൂട്ടി ലൈബ്രേറിയൻ തസ്തികയിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനത്തിന് അപേക്ഷ ക്ഷണിച്ചു. സർക്കാർ സ്ഥാപനങ്ങളിൽ/സർവകലാശാലകളിൽ സമാന തസ്തികകളിൽ ജോലി ചെയ്യുന്നവർക്ക് സർക്കാർ നിബന്ധനകൾക്ക് വിധേയമായി നിശ്ചിത മാതൃകയിൽ അപേക്ഷിക്കാം. അവസാന തീയതി ഫെബ്രുവരി 10 വൈകീട്ട് അഞ്ച് വരെ. കൂടുതൽ വിവരങ്ങൾക്ക് www.ssus.ac.in.

## ദർഘാസ് ക്ഷണിച്ചു

**കൊച്ചി:** ജില്ലാതല ഐ.സി.ഡി.എസ് സെല്ലിന്റെ പരിധിയിൽ വരുന്ന അങ്കണവാടികളിൽ പുതിയതായി ജോലിയിൽ പ്രവേശിക്കുന്ന വർക്കർമാർക്ക് നൈപുണ്യ വികസന പരിശീലനം നൽകുന്നതിന് ക്ലാസ് മുറി, താമസം, ഭക്ഷണം, വെള്ളം, ഇലക്ട്രിസിറ്റി, ഇന്റർനെറ്റ് എന്നിവ നൽകാൻ താല്പര്യമുള്ള സ്ഥാപനങ്ങളിൽ നിന്നും മുദ്രവച്ച ദർഘാസ് ക്ഷണിച്ചു. ദർഘാസുകൾ ഫെബ്രുവരി 10 ഉച്ചക്ക് ഒന്നിനകം ലഭിക്കണം. ഫോൺ: 0484-2423934

## ടെൻഡർ ക്ഷണിച്ചു

**കൊച്ചി:** പട്ടികജാതി വികസന വകുപ്പിന് കീഴിൽ ആലുവയിൽ പുതുതായി നിർമ്മിച്ച പോസ്റ്റ് മെട്രിക് ബോയ്സ് ഹോസ്റ്റൽ കെട്ടിടം പ്രവർത്തനസജ്ജമാക്കുന്നതിന്റെ ഭാഗമായി ഡീപ് ക്ലീനിംഗ്, ചിതൽ നിവാരണം എന്നിവ നടത്തുന്നതിന് ടെൻഡർ ക്ഷണിച്ചു. ഫെബ്രുവരി 6 വരെ ടെൻഡർ സമർപ്പിക്കാം.

## ഗതാഗത നിയന്ത്രണം

**കൊച്ചി:** പറവൂർ നിയോജകമണ്ഡലത്തിലെ പറവൂർ മുനിസിപ്പാലിറ്റി ആയുർവേദ ഹോസ്പിറ്റൽ റോഡ്, വാണിയക്കാട് കാർത്തികവിലാസം റോഡ് എന്നിവിടങ്ങളിൽ നബാർഡിന്റെ ധനസഹായത്തോടെയുള്ള ടാറിങ് പ്രവർത്തികൾ ഫെബ്രുവരി രിന് ആരംഭിക്കുന്നതിനാൽ ഈ റോഡുകളിലൂടെയുള്ള വാഹന ഗതാഗതം പൂർണ്ണമായും നിയന്ത്രിക്കുമെന്ന് പൊതുമരാമത്ത് വകുപ്പ് അസിസ്റ്റന്റ് എൻജിനീയർ അറിയിച്ചു.

## 'നോമാഡ്സ്' റൈഡിംഗ് കളക്റ്റീവ് ആരംഭിച്ചു



**കോച്ചി:** ജാവ, യെസ്ഡി, ബി.എസ്.എ. റൈഡർമാർ ദേശീയ റൈഡിംഗ് കൂട്ടായ്മയായ 'നോമാഡ്സ്' എന്ന പേരിൽ ക്ലാസിക് ലെജൻഡ്സ് ഒത്തുചേർത്തു. ജനുവരി 26ന് വിവിധ സംസ്ഥാനങ്ങളിലാകെ സംഘടിപ്പിച്ച യാത്രകളോടനുബന്ധിച്ചായിരുന്നു ഈ തുടക്കം. ജമ്മുവിൽ നിന്നും തമിഴ്നാട്ടിലേക്ക്, ഗുജറാത്തിൽ നിന്നും മണിപ്പൂരിലേക്ക് വ്യാപിച്ച യാത്രകളിൽ 20ലധികം സ്വതന്ത്ര ക്ലബ്ബുകളും 150ലധികം ഡീലർഷിപ്പ് നേതൃത്വ റൈഡിംഗ് ഗ്രൂപ്പുകളും ഉൾപ്പെടെ 2,000ത്തിലധികം റൈഡർമാർ പങ്കെടുത്തു. 'നോമാഡ്സ്: റൈഡ് അസ്സ് വൺ, റൈഡ് ദി ലെഗസി' എന്ന പേരിലുള്ള പുതിയ കമ്മ്യൂണിറ്റി പേജ് ക്ലാസിക് ലെജൻഡ്സിന്റെ വെബ്സൈറ്റിൽ സജീവമായി. ഇതിലൂടെ റൈഡർമാർക്ക് സ്വന്തം പ്രദേശത്തെ ക്ലബ്ബുകൾ കണ്ടെത്താനും അവരുമായി ബന്ധപ്പെടാനും കൂടുതൽ എളുപ്പമാകും. ബ്രാൻഡുകൾ, മേഖലകൾ, യാത്രാ ശൈലികൾ എന്നിങ്ങനെ വ്യത്യാസങ്ങൾ മറികടന്ന് റൈഡിംഗ് സമൂഹങ്ങളെ ഐക്യപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് നോമാഡ്സ് രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് കമ്പനി വ്യക്തമാക്കി.

## ദുബായ്, റെഡി ഫോർ എ സർപ്രൈസ്; പരസ്യചിത്രം പുറത്തിറങ്ങി

**ദുബായ്:** ദുബായ് ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമി ആൻഡ് ടൂറിസത്തിന്റെ (ഡിഇടി) ഭാഗമായ ദുബായ് കോർപ്പറേഷൻ ഫോർ ടൂറിസം ആൻഡ് കൊമേഴ്സ് മാർക്കറ്റിംഗ് (വിസിറ്റ് ദുബായ്), ഇന്ത്യയിലെ താര ദമ്പതികളായ അനുഷ്ക ശർമ്മയും വിരാട് കോഹ്‌ലിയും ഒന്നിക്കുന്ന 'ദുബായ്, റെഡി ഫോർ എ സർപ്രൈസ്' പരമ്പരയിലെ ഏറ്റവും പുതിയ പരസ്യചിത്രം പുറത്തിറക്കി. ദുബായിലെ ശൈത്യകാലത്ത് ശ്രദ്ധ കേന്ദ്രീകരിക്കുന്ന പരസ്യചിത്രത്തിൽ ആദ്യമായി വരുന്നവരെയും പലതവണ വരുന്നവരെയും ദുബായ് അത്ഭുതപ്പെടുത്തുന്ന രീതിയാണ് അവതരിപ്പിക്കുന്നത്. അനുഷ്ക ശർമ്മയും വിരാട് കോഹ്‌ലിയും തമ്മിലുള്ള സഹകരണത്തിന്റെ ഭാഗമായ പുതിയ പരസ്യചിത്രം സന്ദർശകരെ അത്ഭുതപ്പെടുത്താനുള്ള ദുബായുടെ സവിശേഷത പ്രമേയമാക്കിയാണ് ചിത്രീകരിച്ചിരിക്കുന്നത്.

## മഹീന്ദ്ര ഒഡീഷയിൽ സാന്നിധ്യം ശക്തമാക്കുന്നു



**കൊച്ചി:** മഹീന്ദ്ര ട്രക്ക് ആൻഡ് ബസ് ബിസിനസ് ഒഡീഷയിലെ കട്ടക്കിൽ തങ്ങളുടെ അത്യാധുനിക 3എസ് (സെയിൽ, സ്പെയർ പാർട്സ്, സർവീസ്) ഡീലർഷിപ്പ് ഉദ്ഘാടനം ചെയ്തു. 6 സർവീസ് ബേകളുള്ള ഈ കേന്ദ്രത്തിൽ പ്രതിദിനം എട്ടിലധികം വാഹനങ്ങൾ സർവീസ് ചെയ്യാൻ സാധിക്കും. കൂടാതെ ഡ്രൈവർമാർക്കുള്ള താമസസൗകര്യം, 24 മണിക്കൂർ ബ്രേക്ക്ഡൗൺ അസിസ്റ്റൻസ്, ആഡ്ബ്ലൂ ലഭ്യത എന്നിവയും ഒരുക്കിയിട്ടു. കഴിഞ്ഞ നാല് വർഷമായി കൈവരിച്ച മികച്ച വളർച്ചയ്ക്ക് പിന്നാലെയാണ് കമ്പനി ഒഡീഷയിൽ പുതിയ അത്യാധുനിക ട്രക്ക്, ബസ് ഡീലർഷിപ്പ് ആരംഭിച്ചത്. 43,560 ചതുരശ്ര അടിയിൽ വ്യാപിച്ചുകിടക്കുന്ന ഈ വിശാലമായ കേന്ദ്രം ഉപഭോക്താക്കൾക്ക് വേഗതയേറിയതും കാര്യക്ഷമവുമായ സേവനം ഉറപ്പാക്കും. ഹെവി കൊമേഴ്സ്യൽ വാഹനങ്ങൾ, ഇൻറർമീഡിയറ്റ് കൊമേഴ്സ്യൽ വാഹനങ്ങൾ, ലൈറ്റ് കൊമേഴ്സ്യൽ വാഹനങ്ങൾ, ബസുകൾ എന്നിവയുടെ വിൽപനയും സ്പെയർ പാർട്സുകളും സർവീസും ഈ ഡീലർഷിപ്പിൽ ലഭ്യമാവും.

## റെക്കോർഡ് നേട്ടവുമായി വേദാന്ത

**കൊച്ചി:** എണ്ണപ്രകൃതി വാതകം, ലോഹം, നിർണായക ധാതുക്കൾ, ഊർജ്ജം, ടെക്നോളജി തുടങ്ങിയ മേഖലകളിലെ ലോകത്തിലെ ഏറ്റവും വലിയ നിർമാതാക്കളായ വേദാന്ത നടപ്പ് സാമ്പത്തിക വർഷത്തിന്റെ മൂന്നാം ത്രൈമാസത്തെ അറ്റാദായത്തിൽ 60 ശതമാനം വർധനവ് കൈവരിച്ചു. 7,807 കോടി രൂപയുടെ അറ്റാദായമാണ് കമ്പനി കൈവരിച്ചത്. മുൻവർഷമിത് 4,876 കോടി രൂപയായിരുന്നു. ഈ ത്രൈമാസത്തിലെ പ്രവർത്തന മൂലധനം 15,171 കോടി രൂപയാണ്. നടപ്പ് സാമ്പത്തിക വർഷത്തിന്റെ ആദ്യ ഒൻപതു മാസങ്ങളിൽ വേദാന്ത 1.3 ബില്യൺ ഡോളറാണ് ബിസിനസ് വികസനം ലക്ഷ്യമാക്കി നടത്തുന്ന നിക്ഷേപ ചെലവ്. 620 കിലോടണ്ണോടെ അലുമിനിയം ഇതുവരെ രേഖപ്പെടുത്തിയതിൽ ഏറ്റവും ഉയർന്ന ത്രൈമാസ ഉൽപ്പാദനം കൈവരിച്ചതായി വേദാന്ത എക്സിക്യൂട്ടീവ് ഡയറക്ടർ അരുൺ മിശ്ര പറഞ്ഞു.

# വരുമാനത്തിലും ലാഭത്തിലും വളർച്ച നേടി ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ

**കൊച്ചി:** ഇന്ത്യയിലെ പ്രമുഖ ആരോഗ്യ സേവനദാതാവായ ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ, 2025 ഡിസംബർ 31ന് അവസാനിച്ച പാദത്തിലെ സാമ്പത്തിക ഫലങ്ങൾ പുറത്തുവിട്ടു.ആസ്റ്റർ ഡിഎം ഹെൽത്ത്കെയറും ക്വാളിറ്റി കെയർ ഇന്ത്യ ലിമിറ്റഡും തമ്മിലുള്ള ലയന നടപടികൾ അവസാനഘട്ടത്തിലാണ്. ലയിപ്പിച്ചു രൂപീകരിക്കുന്ന 'ആസ്റ്റർ ഡിഎം ക്വാളിറ്റി കെയർ ലിമിറ്റഡി'ന്റെ സംയുക്ത പ്രകടനം ഏറെ ആത്മവിശ്വാസം നൽകുന്നതാണെന്ന് ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ സ്ഥാപകനും ചെയർമാനുമായ ഡോ. ആസാദ് മൂപ്പൻ പറഞ്ഞു.

ഇക്കാലയളവിൽ സംയുക്ത വരുമാനം 15 ശതമാനവും പ്രവർത്തന ലാഭം 22 ശതമാനവും വർധിച്ചു. ഈ ശൃംഖലകളിൽ ചികിത്സ തേടിയെത്തുന്ന രോഗികളുടെ എണ്ണത്തിലുണ്ടായ വർധനവും ലോകോത്തര നിലവാരമുള്ള സേവനങ്ങൾ നൽകാൻ കഴിഞ്ഞതുമാണ് ഈ വളർച്ചയ്ക്ക് കരുത്തേകിയത്.കഴിഞ്ഞ ഒരു വർഷത്തിനിടെ 560 പുതിയ കിടക്കകൾ കൂടി സജ്ജീകരിച്ചതോടെ ഒരുമിച്ചുള്ള ശൃംഖലയ്ക്ക് കീഴിൽ ഇപ്പോൾ 28 നഗരങ്ങളിലായി 10,620 രോഗികളെ ഒരേസമയം കിടത്തി ചികിൽസിക്കാനുള്ള സൗകര്യമുണ്ട്.

ഭാവി വളർച്ച ലക്ഷ്യമിട്ട് 4,000 കിടക്കകൾ കൂടി അധികമായി ഉൾപ്പെടുത്താനുള്ള നടപടികൾ പുരോഗമിക്കുകയാണ്. അത്യാധുനിക ചികിത്സാ സംവിധാനങ്ങളും മികച്ച നേതൃത്വവും മുൻനിർത്തി ആരോഗ്യമേഖലയിൽ വലിയ മാറ്റങ്ങൾ കൊണ്ടുവരാൻ ഒരുങ്ങിക്കഴിഞ്ഞതായി ഡോ. ആസാദ് മൂപ്പൻ വ്യക്തമാക്കി. ലയനം പൂർത്തിയാകുന്നതോടെ ഇന്ത്യയിലെ ഏറ്റവും വലിയ മൂന്ന് ആശുപത്രി ശൃംഖലകളിൽ ഒന്നായി മാറാൻ ഞങ്ങൾക്ക് സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ആസ്റ്ററിന്റെ മാത്രം വരുമാനത്തിൽ 13% വളർച്ച കൈവരിച്ചത് ശ്രദ്ധേയമാണ്. പുതുതായി ആരംഭിച്ച കാസർകോട് യൂണിറ്റിൽ നിന്നുള്ള കണക്കുകൾ മാറ്റി നിർത്തിയാൽ, പ്രവർത്തന ലാഭത്തിൽ 17% വളർച്ചയാണ് രേഖപ്പെടുത്തിയത്. ചിലവുകൾ കുറച്ചും കാര്യക്ഷമത വർദ്ധിപ്പിച്ചും ലാഭത്തിന്റെ നിരക്ക് 20.2 ശതമാനമായി ഉയർത്താനും സാധിച്ചുവെന്നും അദ്ദേഹം പറഞ്ഞു.

# എയർ ഇന്ത്യ 15 എയർബസ് എ321 എക്സ്എൽആർ വാങ്ങും




**കൊച്ചി:** എയർ ഇന്ത്യയുടെ എയർബസ് എ321 നീയോ വിമാനങ്ങൾക്കായുള്ള നിലവിലെ ഓർഡറുകളിൽ നിന്ന് 15 വിമാനങ്ങൾ ദീർഘദൂര യാത്രകൾക്ക് അനുയോജ്യമായ ഏറ്റവും പുതിയ എ 321 എക്സ്എൽആർ വിമാനങ്ങളിലേക്ക് മാറ്റി. ഹൈദരാബാദിൽ നടക്കുന്ന വിങ്സ് ഇന്ത്യ 2026ലായിരുന്നു എയർ ഇന്ത്യയുടെ ഈ പ്രഖ്യാപനം. 2023, 2024 വർഷങ്ങളിലാണ് എയർ ഇന്ത്യ ഈ വിമാനങ്ങൾക്കുള്ള ഓർഡർ കൊടുത്തത്. 50 ടിൻ ഐൽ എ350 വിമാനങ്ങളും 300 സിംഗിൾ ഐൽ എ320 വിമാനങ്ങളും ഉൾക്കൊള്ളുന്നതാണ് ഈ ഓർഡർ. ഇതിൽ നിന്നുള്ള 15 വിമാനങ്ങളാണ് എ 321 എക്സ്എൽആർ ആയി മാറ്റുന്നത്.

2029, 2030 വർഷങ്ങളിലായിരിക്കും ഈ വിമാനങ്ങളുടെ ഡെലിവറി. എ320 നിയോ കുടുംബത്തിലെ ഏറ്റവും പുതിയതും നവീനവുമായ വിമാനങ്ങളാണ് എ321 എക്സ്എൽആർ. 4700 നോട്ടിക്കൽ മൈൽ (8700 കിമി) ദൂരപരിധിയുള്ള ഈ വിമാനത്തിന് മികച്ച ഇന്ധനക്ഷമതയും യാത്രക്കാർക്ക് കൂടുതൽ സൗകര്യമുള്ള കാബിൻ അനുഭവവും നൽകാൻ സാധിക്കും. മലിനീകരണ തോതും കുറവാണ്. ഈ നീക്കത്തിലൂടെ പുതിയ നോൺ സ്റ്റോപ്പ് അന്താരാഷ്ട്ര റൂട്ടുകൾ ആരംഭിക്കാനും മറ്റ് അന്താരാഷ്ട്ര സർവീസുകളിൽ സിംഗിൾ ഐൽ വിമാനങ്ങൾ ഉപയോഗിച്ച് പ്രവർത്തന ശേഷി മെച്ചപ്പെടുത്താനും എയർ ഇന്ത്യയ്ക്ക് സാധിക്കും.

ആകെ 600 പുതിയ വിമാനങ്ങൾക്കാണ് എയർ ഇന്ത്യ ഓർഡർ നൽകിയിട്ടുള്ളത്. 542 വിമാനങ്ങളുടെ ഡെലിവറി ബാക്കിയുണ്ട്. ഇതിൽ 344 എണ്ണം എയർബസ് വിമാനങ്ങളാണ്. 2022 ജനുവരിയിൽ നടന്ന സ്വകാര്യവൽക്കരണത്തിന് ശേഷം പുതിയ വിമാനങ്ങൾ വാങ്ങൽ, തന്ത്രപ്രധാന ലീസുകൾ, വിസ്താര എയർ ഇന്ത്യ ലയനം, പഴയ വിമാനങ്ങളുടെ നവീകരണം എന്നിവയിലൂടെ ഏകദേശം 170 വിമാനങ്ങളാണ് എയർ ഇന്ത്യയുടെ ഫ്ളീറ്റിൽ ഉൾപ്പെടുത്തിയത്.

# പുതിയ ക്യാമ്പയിനുമായി ആക്സിസ് മാക്സ് ലൈഫ്

**കൊച്ചി:**ആക്സിസ് മാക്സ് ലൈഫ് ഇൻഷുറൻസ് ലിമിറ്റഡ് പുതിയ ക്യാമ്പയിൻ പുറത്തിറക്കി. ബ്രാൻഡ് അംബാസഡർമാരായ രോഹിത് ശർമ്മയും റിതിക സജ്ദേഹയുമാണ് 'ഭരോസ തും ഹോ' എന്ന ക്യാമ്പയിനിലുള്ളത്. സേവിംഗ്സ്, പ്രൊട്ടക്ഷൻ, റിട്ടയർമെന്റ് വിഭാഗങ്ങളിലുട നീളം വിശ്വസനീയ പങ്കാളിയെന്ന നിലയിൽ ആക്സിസ് മാക്സ് ലൈഫിന്റെ സ്ഥാനം ശക്തിപ്പെടുത്തുന്ന രീതിയിലാണ് ക്യാമ്പയിൻ ചിത്രീകരിച്ചിരിക്കുന്നത്. ആക്സിസ് മാക്സ് ലൈഫിൽ, വിശ്വാസം നേടിയെടുക്കുന്നത് പ്രവർത്തനത്തിലൂടെയാണെന്നും ക്ലെയിമുകൾ മാനിക്കുന്നതിനും കുടുംബങ്ങൾക്ക് ഏറ്റവും ആവശ്യമുള്ളപ്പോൾ അവരെ സംരക്ഷിക്കുന്നതിനുമുള്ള ഞങ്ങളുടെ സ്ഥിരമായ പ്രതിബദ്ധതയിൽ നിന്നാണ് ഇത് ആരംഭിക്കുന്നതെന്നും ആക്സിസ് മാക്സ് ലൈഫ് ഡയറക്ടറും ചീഫ് മാർക്കറ്റിംഗ് ഓഫീസറുമായ രാഹുൽ തൽവാർ പറഞ്ഞു.

## ഐ.ബി.സി ദേശീയ സെമിനാറിന് തുടക്കമായി



**കൊച്ചി:** ഐ.ബി.സി കേരള സ്റ്റേറ്റ് ചാപ്റ്റർ പി.ഡബ്ല്യു.ഡി കേരളയുമായി ചേർന്നുള്ള ഡിസൈനിംഗ് ഫോർ സേഫ്റ്റി; ഗൈഡ് ലൈൻസ് ഫോർ ബിൽഡിംഗ് കൺസ്ട്രക്ഷൻ ദേശീയ സെമിനാറിന് തുടക്കമായി. ഗോകുലം കൺവെൻഷൻ സെന്ററിൽ നടന്ന പരിപാടിയിൽ കേരള ഹൈക്കോടതി ജഡ്ജ് ദേവൻ രാമചന്ദ്രൻ മുഖ്യാതിഥിയായിരുന്നു. എറണാകുളം ജില്ലാ കലക്ടർ ജി പ്രിയങ്ക, ഇന്ത്യൻ ബിൽഡിംഗ്സ് കോൺഗ്രസ് സ്ഥാപകൻ ഒ പി ഗോയൽ, പ്രസിഡന്റ് സി ദേബ്നാഥ് എന്നിവർ വിശിഷ്ടാതിഥികളായിരുന്നു.ജനറൽ കൺവീനർ എം. പെണ്ണമ്മ, സയിന്റിഫിക് കമ്മിറ്റി കൺവീനർ ജോസ് കുര്യൻ, ഐ. ബി. സി ചെയർമാൻ ഡോ. അനിൽ ജോസഫ്, സോവനീർ കമ്മിറ്റി കൺവീനർ പി. കെ രാജീവ്, കേരള പി. ഡബ്ല്യു. ഡി. ചീഫ് എൻജിനിയർ എസ്. ദീപു, കൾച്ചറൽ പ്രോഗ്രാം കമ്മിറ്റി കൺവീനർ സി. പി ബാലമുരുകൻ, ഐ. ബി. സി നാഷണൽ സെമിനാർ കോ- കൺവീനർ ഡോ. യാക്കൂബ് മോഹൻ ജോർജ്, എൻ. ബി. സി ചെയർമാൻ പി. സുരേഷ്, ഐ. ബി.സി ഹോണററി സെക്രട്ടറി ആനന്ദൻ മതിലകം എന്നിവർ പ്രസംഗിച്ചു.

## ഫീറ്റൽ ഫ്ളറിഷ് അവതരിപ്പിച്ച് ബജാജ് ജനറൽ ഇൻഷുറൻസ്

**കൊച്ചി:** ഇന്ത്യയിലെ മുൻനിര സ്വകാര്യ ജനറൽ ഇൻഷുറൻസ് കമ്പനികളിലൊന്നായ ബജാജ് ജനറൽ ഇൻഷുറൻസ് ഗർഭസ്ഥ ശിശുവിന്റെ ആരോഗ്യത്തിന് മാത്രമായി രൂപകൽപന ചെയ്തിട്ടുള്ള ഫീറ്റൽ ഫ്ളറിഷ് എന്ന ഇൻഷുറൻസ് റൈഡർ പുറത്തിറക്കി. പരമ്പരാഗത മെറ്റേണിറ്റി ഇൻഷുറൻസ് നൽകാത്ത വിപുലമായ ഗർഭാശയ ചികിത്സകൾക്കും ഉയർന്ന അപകടസാധ്യതയുള്ള ഗർഭധാരണങ്ങൾക്കുമുള്ള പരിരക്ഷ ഇൻഷുറൻസ് ഉറപ്പാക്കുന്നു. ഫ്ളാഗ്ഷിപ്പ് ഉൽപ്പന്നങ്ങളായ മൈ ഹെൽത്ത് കെയർ പ്ലാൻ, ഹെൽത്ത് ഗാർഡ് എന്നിവയ്ക്കൊപ്പമാണ് റൈഡർ വാഗ്ദാനം ചെയ്യുന്നതെന്ന് ബജാജ് ജനറൽ ഇൻഷുറൻസ് എംഡിയും സിഇഒയുമായ ഡോ. തപൻ സിംഗൽ അഭിപ്രായപ്പെട്ടു. മറ്റേണിറ്റിക്ക് 2 ലക്ഷം വരെ ഇൻഷ്വേർഡ് തുക, അടിസ്ഥാന ഹെൽത്ത് ഇൻഡംനിറ്റി പോളിസിക്ക് കീഴിൽ രണ്ട് മെറ്റേണിറ്റിക്ക് കവറേജ് എന്നിവയാണ് സവിശേഷതകൾ. 18 മുതൽ 45 വയസ് വരെ പ്രായമുള്ള സ്ത്രീകൾക്ക് ഇൻഷുറൻസ് പദ്ധതിയിൽ ചേരാം. ഫീറ്റൽ ഫ്ളറിഷ് റൈഡറിലൂടെ അത്യാവശ്യ നടപടിക്രമങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സാമ്പത്തിക ഭാരം ലഘൂകരിക്കാനാണ് ഞങ്ങൾ ലക്ഷ്യമിടുന്നതെന്നും അദ്ദേഹം പറഞ്ഞു.

## സ്വർണ്ണ വായ്പയിൽ 58 ശതമാനം വളർച്ച നേടി മണപ്പുറം ഫിനാൻസ്

MANAPPURAM FINANCE LIMITED
Make Life Easy

**വലപ്പാട്** : മണപ്പുറം ഫിനാൻസ് 2026 സാമ്പത്തിക വർഷം മൂന്നാം പാദത്തിൽ സ്വർണ്ണ വായ്പയിൽ വൻ വളർച്ച നേടി. മുൻവർഷത്തേക്കാൾ 58.15 ശതമാനം കുതിപ്പാണ് രേഖപ്പെടുത്തിയത്. രണ്ട് രൂപ മുഖ വിലയുള്ള ഓരോ ഓഹരിക്കും 0.50 രൂപ (25 ശതമാനം) ലാഭ വിഹിതവും പ്രഖ്യാപിച്ചിട്ടുണ്ട്. മൂന്നാം പാദത്തിൽ 38,754.29 കോടി രൂപയുടെ സ്വർണ്ണ വായ്പ നൽകി. മുൻ വർഷം ഇതേ കാലയളവിൽ ഇത് 24,504.30 കോടി രൂപയായിരുന്നു. കമ്പനി കൈകാര്യം ചെയ്യുന്നത് 52,125.31 കോടി രൂപയുടെ ആസ്തിയാണ്. കഴിഞ്ഞ വർഷം ഇതേ കാലയളവിൽ ഇത് 44217.40 കോടി രൂപയുടേതായിരുന്നു. 17.88 ശതമാനത്തിന്റെ വർധനയുായി. മൊത്തം ആസ്തിയുടെ 28.74 ശതമാനം സ്വർണ്ണം ഒഴികെയുള്ള ഇടപാടുകളിലൂടെയാണ്. പ്രവർത്തന ലാഭം 8.07 ശതമാനം കുറഞ്ഞ് 2353.14 കോടി രൂപയായി. മുൻവർഷം ഇതേ പാദത്തിൽ ലാഭം 2559.72 കോടി രൂപയായിരുന്നു. നികുതിക്കു ശേഷമുള്ള ലാഭം കഴിഞ്ഞ വർഷം ഇതേ കാലയളവിൽ 278.46 കോടി രൂപയായിരുന്നത് ഈ വർഷം 238.54 കോടി രൂപയായി കുറഞ്ഞു. മൂന്നാം പാദ ഫലങ്ങൾ ക്രമമായ വളർച്ചയാണ് സൂചിപ്പിക്കുന്നതെന്നും എൻബിഎഫ്സികൾക്കിടയിൽ മത്സരം വർധിക്കുമ്പോഴും ഉറച്ച പ്രകടനം കാഴ്ചവെക്കാൻ കഴിഞ്ഞിട്ടുന്നെും മണപ്പുറം ഫിനാൻസ് ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ വി പി നന്ദകുമാർ പറഞ്ഞു.

# കൂൺ കൃഷിയിൽ വിപ്ലവത്തിനൊരുങ്ങി കേരളം; പരിശീലനത്തിനായി കർഷകസംഘം ഹിമാചലിലേക്ക്




**കൊച്ചി:** കേരളത്തിൽ കൂൺ കൃഷി കൂടുതൽ ശാസ്ത്രീയമായി വ്യാപിപ്പിക്കുന്നതിനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമായി സംസ്ഥാന കൃഷി വകുപ്പിന്റെയും സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷന്റെയും നേതൃത്വത്തിൽ 25 കർഷകരുടെ ആദ്യ സംഘം ഹിമാചൽ പ്രദേശിലെ സോളനിലേക്ക് യാത്ര തിരിച്ചു. വിവിധ ജില്ലകളിൽ നിന്നുള്ള കൂൺ കർഷകരും സംരംഭകരും ഉൾപ്പെടുന്ന സംഘം സോളനിലെ ഐ.സി.എ.ആർ ഡയറക്ടറേറ്റ് ഓഫ് മഷ്റൂം റിസർച്ചിൽ ഫെബ്രുവരി 2 മുതൽ 6 വരെ പരിശീലനത്തിൽ പങ്കെടുക്കും.

ഹോർട്ടികൾച്ചർ മിഷൻ നടപ്പിലാക്കുന്ന 'സമഗ്ര കൂൺ ഗ്രാമം' പദ്ധതിയുടെ തുടർച്ചയായാണ് പഠനയാത്ര സംഘടിപ്പിച്ചിരിക്കുന്നത്. കൃഷിമന്ത്രി പി പ്രസാദിന്റെ നേതൃത്വത്തിൽ കൂൺ കർഷകരുടെയും ഉദ്യോഗസ്ഥരുടെയും പത്തംഗസംഘം സോളനിലെ ഐ സി എ ആർ ഡയറക്ടറേറ്റ് ഓഫ് മഷ്റൂം റിസർച്ച് സന്ദർശിച്ചതിന്റെ തുടർച്ചയായി മന്ത്രിയുടെ പ്രത്യേക താൽപ്പര്യം പ്രകാരമാണ് കൂൺ കർഷകരെ പരിശീലനത്തിനായി അയക്കുന്നത്. കൂൺ ഇനങ്ങളിലെ കൃഷിയിലെ സാങ്കേതികത്വം, ആധുനിക കൃഷി രീതികൾ, കൂൺ ഉത്പന്നങ്ങളുടെ മൂല്യവർദ്ധനവ്, വൈവിധ്യമാർന്ന കൂൺ വിഭവങ്ങൾ, വാണിജ്യ പ്രാധാന്യമുള്ള കൂൺ ഇനങ്ങളും ഉത്പന്നങ്ങളും തുടങ്ങി വിവിധങ്ങളായ പരിശീലനങ്ങളാണ് ലക്ഷ്യം.

പരിശീലനം കേരളത്തിലെ കൂൺ കൃഷി മേഖലക്ക് പുതിയ അറിവും നവീന സാങ്കേതിക പിന്തുണയും നൽകും. കൂൺ കൃഷിയെ ഒരു ശക്തമായ കാർഷിക സംരംഭമായി വികസിപ്പിച്ച് കർഷക വരുമാനം വർദ്ധിപ്പിക്കാനും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും പരിശീലന പരിപാടികൾ സഹായകരമാകും. ഹോർട്ടികൾച്ചർ മിഷൻ ജോയിന്റ് ഡയറക്ടർ പി.ഷക്കീല, അസിസ്റ്റന്റ് ഡയറക്ടർമാരായ നൂബിയ ബഷീർ, ടി. ആർ സ്വപ്ന എന്നിവർ പഠന സംഘത്തെ നയിക്കും.

## 250 കോടി നഷ്ടപരിഹാരം ആവശ്യപ്പെട്ട് റിപ്പോർട്ടർ ചാനലിനെതിരെ കിറ്റെക്സിന്റെ നോട്ടീസ്

**കൊച്ചി:** വ്യാജ വാർത്ത പ്രക്ഷേപണം ചെയ്തതിനെതിരെ റിപ്പോർട്ടർ ചാനലിനും നടത്തിപ്പുകാർക്കും ജീവനക്കാർക്കുമെതിരെ 250 കോടി രൂപ നഷ്ടപരിഹാരം ആവശ്യപ്പെട്ട് നോട്ടീസ് അയച്ചതായി കിറ്റെക്സ് ഗാർമെന്റ്സ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ സാബു എം. ജേക്കബ് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. തുടർച്ചയായ ദിവസങ്ങളിൽ ടാക്സ് വെട്ടിച്ചുവെന്നും, നിരവധി നിയമ ലംഘനങ്ങൾ നടത്തിയതായി നിരന്തരം വ്യാജ വാർത്തകൾ പ്രക്ഷേപണം നടത്തിയതിനെതിരെയാണ് നഷ്ട പരിഹാരം ആവശ്യപ്പെട്ട് നോട്ടീസ് അയച്ചത്. ഇവർക്കെതിരെ സിവിലായും, ക്രിമിനലായും, കേസുകൾ ഫയൽ ചെയ്യുന്നതിനൊപ്പം പ്രതികളുടെ വസ്തുവകകൾ അറ്റാച്ച് ചെയ്യുന്ന തടക്കമുള്ള നിയമ നടപടികൾ സ്വീകരിക്കുമെന്ന് സാബു ജേക്കബ് അറിയിച്ചു. കേസുകളിൽ പ്രതികളായ ഇവർക്ക് ചാനൽ നടത്തിപ്പിനുള്ള ലൈസൻസ് മിനിസ്ട്രി ഓഫ് ഇൻഫോർമേഷൻ ബ്രോഡ്കാസ്റ്റിന്റെയോ, മിനിസ്ട്രി ഓഫ് ഹോം അഫേഴ്സിൽ നിന്നോ ലഭിച്ചതായി അറിവില്ല. മാത്രവുമല്ല ചാനൽ ലൈസൻസിനായുള്ള ഇവരുടെ അപേക്ഷ ദേശീയ സുരക്ഷ പ്രശ്നം ചൂണ്ടിക്കാണിച്ച് മന്ത്രാലയങ്ങൾ നിരസിച്ചിട്ടുള്ളതായാണ് കാണുന്നത്. രാജ്യത്തെ പല നിയമ വ്യവസ്ഥയും കാറ്റിൽ പറത്തിയാണ് ഇവർ ചാനൽ നടത്തുന്നത്. ഇതിനെതിരെ ബന്ധപ്പെട്ട അധികാരികൾക്ക് പരാതി നൽകുമെന്നും സാബു ജേക്കബ് വാർത്താ സമ്മേളനത്തിൽ അറിയിച്ചു.സാബു എം. ജേക്കബ് പ്രസിഡന്റായി പ്രവർത്തിക്കുന്ന സംസ്ഥാനത്തെ പ്രബല രാഷ്ട്രീയ പാർട്ടിയായ ട്വന്റി20 കഴിഞ്ഞ ദിവസം ഭാരതീയ ജനതാ പാർട്ടി (ബിജെപി) നേതൃത്വം നൽകുന്ന നാഷണൽ ഡെമോക്രാറ്റിക് അലയൻസിന്റെ (എൻഡിഎ) ഘടക കക്ഷിയായിരുന്നു. എന്നാൽ എൻഫോഴ്സമെന്റ് ഡയറക്ടറേറ്റിന്റെ അറസ്റ്റ് ഭയന്നാണ് ട്വന്റി20 പാർട്ടി എൻഡിഎയുടെ ഘടക കക്ഷിയായതെന്നായിരുന്നു റിപ്പോർട്ടർ ടിവി സംപ്രേഷണം ചെയ്തതെന്നും സാബു എം. ജേക്കബ് പറഞ്ഞു.

## ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർക്കിടെക്റ്റ്സ് പ്രീമിയർ ലീഗ് സമാപിച്ചു




**കൊച്ചി:** ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആർക്കിടെക്റ്റ്സ് സംഘടിപ്പിച്ച ഐ ഐ എ പ്രീമിയർ ലീഗ് സീസൺ 15 സമാപിച്ചു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 600ലധികം ആർക്കിടെക്റ്റുമാർ ടൂർണമെന്റിൽ പങ്കെടുത്തു. പുരുഷ വനിതാ ക്രിക്കറ്റ്, ടേബിൾ ടെന്നീസ്, ബാസ്കറ്റ് ബോൾ, ബാഡ്മിന്റൺ ഇനങ്ങളിലായാണ് മത്സരങ്ങൾ സംഘടിപ്പിച്ചത്. പുരുഷ ക്രിക്കറ്റിൽ മധ്യപ്രദേശിനെ പരാജയപ്പെടുത്തി തമിഴ്നാട് കിരീടം നേടി. വനിതാ ക്രിക്കറ്റിൽ ഒഡീഷയെ പരാജയപ്പെടുത്തി കർണാടക ചാമ്പ്യന്മാരായി. കേരളത്തിനാണ് മൂന്നാം സ്ഥാനം. ടേബിൾ ടെന്നീസിലും ബാസ്കറ്റ്ബോളിലും കേരളമാണ് ചാമ്പ്യന്മാർ. ബാഡ്മിന്റണിൽ മഹാരാഷ്ട്ര ലീജിയൻസ് ജേതാക്കളായി. കേരളമാണ് റണ്ണേഴ്സ്അപ്പ്.റെക്കാ ക്ലബ്ബിൽ നടന്ന സമാപന ചടങ്ങിൽ കേരള വീൽചെയർ ബാസ്കറ്റ്ബോൾ ടീം താരങ്ങളായ സാദിഖും ഫസാര ബാനുവും അന്താരാഷ്ട്ര പാരാ നീന്തൽ താരം അസീം മുഹമ്മദും വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. ഐ ഐ എ നാഷണൽ പ്രസിഡന്റ് വിലാസ് അവാചത്, വൈസ് പ്രസിഡന്റ് ജിതേന്ദ്ര മേത്ത, നാഷണൽ ട്രഷറർ ബി സുധീർ, ഐ ഐ എ കേരള ചാപ്റ്റർ വൈസ് ചെയർപേഴ്സൺ മോനോലിത ചാറ്റർജി എന്നിവർ പ്രസംഗിച്ചു.

## 'കോസ്പ്ലേ 101' വർക്ക്ഷോപ്പുമായി കോമിക് കോൺ ഇന്ത്യ

**കൊച്ചി:** കോമിക് കോൺ ഇന്ത്യ കൊച്ചിയിൽ 'കോസ്പ്ലേ 101' വർക്ക്ഷോപ്പ് സംഘടിപ്പിക്കുന്നു. ഫെബ്രുവരി ഒന്നിന് എറണാകുളം കലൂർ ലെസ്പോട്ട് ബോർഡ് ഗെയിം കഫേയിൽ നടക്കുന്ന പരിപാടി ഇന്ത്യൻ ചാമ്പ്യൻഷിപ്പ് ഓഫ് കോസ്പ്ലേ (ഐസിസി) രണ്ടുതവണ ജേതാവായ അക്ഷയ് ചുരി, പ്രകടനഅധിഷ്ഠിത സമീപനത്തിനും വിഎഫ്എക്സ് വൈദഗ്ധ്യത്തിനും പേരുകേട്ട ഏഴ് വർഷത്തിലേറെ പരിചയസമ്പന്നനായ കോസ്പ്ലേയർ അരവിന്ദ് ആർ മേനോൻ, അയൺ മാൻ, വാർ മെഷീൻ, ബംബിൾബീ, ഹണ്ടർ (ഹാലോ) തുടങ്ങിയ കഥാപാത്രങ്ങളെ ജീവസുറ്റതാക്കുന്നതിൽ പ്രശസ്തനായ ആർമർ കോസ്പ്ലേ സ്പെഷ്യലിസ്റ്റ് നാദിർ നജുമൽ ഹുസൈൻ എന്നിവർ ചേർന്നാണ് നയിക്കുന്നത്. വസ്ത്രാലങ്കാരം, പ്രോപ്പ് ക്രിയേഷൻ, ഫോം ക്രാഫ്റ്റിംഗ്, വിഎഫ്എക്സ് മേക്കപ്പ്, വിഗ് സ്റ്റൈലിംഗ്, കോസ്പ്ലേ പെർഫോമൻസ് എന്നിവ വർക്ക്ഷോപ്പിൽ ഉൾപ്പെടുന്നു, കൂടാതെ കോസ്പ്ലേയുടെ സൃഷ്ടിപരമായ വൈദഗ്ധ്യവുമായി കൈകോർക്കുന്ന പ്രായോഗിക ഉൾക്കാഴ്ചകളും ഉണ്ടായിരിക്കും.

## രാജ്യാന്തര കാർഗോ ബിസിനസ് സമ്മിറ്റ് 2026 സമാപിച്ചു

# സിയാലിനെ മൾട്ടിമോഡൽ കാർഗോ ശൃംഖലയുടെ കേന്ദ്രമാക്കും




**കൊച്ചി:** വ്യോമ, റോഡ്, റെയിൽ, ജല മാർഗങ്ങൾ സംയോജിപ്പിച്ച് മൾട്ടിമോഡൽ കാർഗോ ശൃംഖല സ്ഥാപിക്കുമെന്നും കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തെ അതിന്റെ കേന്ദ്രമാക്കുമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (സിയാൽ) കാർഗോ വിഭാഗം 25 വർഷം പൂർത്തിയാക്കിയതിന്റെ പശ്ചാത്തലത്തിൽ, ഫിക്കിയുമായി ചേർന്ന് സിയാൽ സംഘടിപ്പിച്ച രാജ്യാന്തര കാർഗോ ബിസിനസ് സമ്മിറ്റിന്റെ പ്ലീനറി സെഷൻ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഉദ്ഘാടന വേദിയിൽ സ്ഥാപിച്ച കോക്ക്പിറ്റ് മാതൃകയിൽ ഗിയർ ചലിപ്പിച്ചാണ് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തത്.

വിമാനത്താവളം എന്നതിനപ്പുറം കേരളത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് അനുകൂലമായ ബിസിനസ് അന്തരീക്ഷം സൃഷ്ടിക്കാനുള്ള പദ്ധതികളാണ് സിയാൽ നടത്തി വരുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു. കഴിഞ്ഞ സാമ്പത്തിക വർഷം 65,000 മെട്രിക് ടണ്ണിലേറെ ചരക്കുകൾ കൈകാര്യം ചെയ്തു. നടപ്പ് സാമ്പത്തിക വർഷം ഇത് 74,000 ടണ്ണായി ഉയരുമെന്നും മുഖ്യമന്ത്രി പറഞ്ഞു. 50 ശതമാനം ലാഭ വിഹിതമാണ് നിക്ഷേപകർക്ക് സിയാൽ നൽകിയത്. പ്രവർത്തനം കൊണ്ട് രാജ്യത്തിനാകെ മാതൃകയാണ് സിയാലെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. നാല് പഞ്ചായത്തുകൾക്ക് ഗുണം ലഭിക്കുന്ന തരത്തിൽ മൂന്ന് പാലങ്ങളുടെ നിർമാണം പുരോഗമിക്കുകയാണ്. ഫാർമസ്യൂട്ടിക്കൽ ഉത്പന്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുള്ള സർട്ടിഫിക്കേഷനായി സിയാൽ ശ്രമം തുടങ്ങിയിട്ടുണ്ട്. ആഗോളതലത്തിൽ ശ്രദ്ധേയരായ കമ്പനികൾ സിയാലിന് സമീപം ലോജിസ്റ്റിക്ക് പാർക്കുകൾ സ്ഥാപിക്കുന്നത് സിയാലിലെ കാർഗോ സാദ്ധ്യതകൾ കൂടുതലായി ഉപയോഗപ്പെടുത്താൻ കഴിയുമെന്ന് വ്യവസായ മന്ത്രി പി. രാജീവ് അധ്യക്ഷ പ്രസംഗത്തിൽ അഭിപ്രായപ്പെട്ടു.

വൻകിട കമ്പനികളുടെ സാന്നിധ്യം ചരക്ക് നീക്കത്തിലെ വളർച്ചാ നിരക്കിന്റെ പ്രതിഫലനമാണെന്നും അദ്ദേഹം പറഞ്ഞു. കാർഗോ കയറ്റുമതി രംഗത്ത് മികച്ച പ്രകടനം കാഴ്ച വച്ച സ്ഥപനങ്ങളെ ചടങ്ങിൽ മുഖ്യമന്ത്രി ആദരിച്ചു. എം.എൽ.എ മാരായ അൻവർ സാദത്ത്, റോജി എം. ജോൺ, അങ്കമാലി മുനിസിപ്പൽ ചെയർപേഴ്സൺ റീത്താ പോൾ, നെടുമ്പാശേരി പഞ്ചായത്ത് പ്രസിഡൻറ് ജെസി ജോർജ്, സിയാൽ മാനേജിംഗ് ഡയറക്ടർ എസ്. സുഹാസ്, സിയാൽ കാർഗോ വിഭാഗം മേധാവി സതീഷ് കുമാർ ആർ. പൈ , സിയാൽ ഡയറക്ടർ വർഗീസ് ജേക്കബ്, എയർപോർട്ട് ഡയറക്ടർ ജി മനു എന്നിവരും പങ്കെടുത്തു.

# ഇന്നൊവേറ്റർമാരെ കണ്ടെത്താൻ ഐ.ബി.എം ക്യൂ.ടു.ഡി ടാലന്റ് ഹണ്ട്

**കൊച്ചി:** ഇന്ത്യയിലെ വളർന്നുവരുന്ന സംരംഭകരെ തിരിച്ചറിയാനും ശാക്തീകരിക്കാനും ലക്ഷ്യമിട്ട് ഐ.ബി.എമ്മിന്റ സംരംഭമായ ഐ.ബി.എം ക്യു.ടു.ഡി ആരംഭിച്ചു. ഐ.ബി.എം ക്യു.ടു.ഡി വഴി വിദ്യാർത്ഥികൾക്ക് അത്യാധുനിക സാങ്കേതിക പരിശീലനം, വ്യവസായ വിദഗ്ധരിൽ നിന്നുള്ള മെന്റർഷിപ്പ്, യഥാർത്ഥ ലോക പദ്ധതികളിൽ പ്രവർത്തിക്കാനുള്ള അവസരങ്ങൾ എന്നിവ ലഭിക്കും. എഐ, ക്ലൗഡ്, സൈബർ സുരക്ഷ തുടങ്ങി ഉയർന്നുവരുന്ന സാങ്കേതികവിദ്യകളിലാണ് പ്രോഗ്രാം ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

വിദ്യാർത്ഥികളുടെ സ്റ്റാർട്ടപ്പുകൾ വികസിപ്പിക്കാനും നിക്ഷേപ അവസരങ്ങൾ സുഗമമാക്കാനും നൂതന ആശയങ്ങൾ വിജയകരമായ ബിസിനസുകളാക്കി മാറ്റാനും ഈ സംരംഭം സഹായിക്കും. മറൈൻ ഡ്രൈവ് താജ് വിവാന്തയിൽ നടന്ന സെമിനാർ സൈബർ സെക്യൂരിറ്റി ആർക്കിടെക്ട് തേജസ്വിനി ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ ഐ.ബി.എം ക്യു.ടു.ഡി സംയുക്ത സംരംഭമായ പേൾ ചടങ്ങിൽ പുറത്തിറക്കി. ഐ.ബി.എം ബിസിനസ് ഡവലപ്മെന്റ് ലീഡർ ഹരി രാമസുബ്രഹ്മണ്യം, ക്യു ടു ഡി അക്കാദമിക്സ് ഡയറക്ടർ ബിനി തോമസ്, ക്യു.ടു.ഡി പ്രോഗ്രാംസ് ആന്റ് ഇനീഷ്യേറ്റീവ്സ് അക്കാദമിക് അഡ്വൈസർ ഡോ. രാജേഷ് ഡിസൂസ, ക്യു.ടു.ഡി സി.ഒ.ഒ ഗോപിക എസ് നായർ, ഐ.ബി.എം ഡെലിവറി ഹെഡ് വിഖറുദ്ധിൻ സുർകി തുടങ്ങിയവർ പ്രസംഗിച്ചു.

# ആഴക്കടലിന്റെ വിസ്മയക്കാഴ്ചകൾ കാണാം; വാതിൽ തുറന്ന് സിഎംഎഫ്ആർഐ



**കൊച്ചി:** ആഴക്കടലിന്റെ വിസ്മയക്കാഴ്ചകളും കൗതുകമുണർത്തുന്ന കടലറിവുകളുമായി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും തുറന്നിടുന്നു. 79ാം സ്ഥാപകദിനാഘോഷത്തിന്റെ ഭാഗമായി ഫെബ്രുവരി മൂന്നിന് സിഎംഎഫ്ആർഐ ഓപൺ ഹൗസ് പ്രദർശനം നടത്തും. രാവിലെ 9 മുതൽ മൂന്ന് വരെയാണ് പ്രദർശനം. കടലാഴങ്ങളിലെ വൈവിധ്യമായ ജൈവവൈവിധ്യങ്ങളും സിഎംഎഫ്ആർഐ നടത്തി വരുന്ന ഗവേഷണ പഠനങ്ങളും പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തുകയാണ് ലക്ഷ്യം.

വിവിധ ഗവേഷണവിഭാഗങ്ങൾ ഒരുക്കുന്ന പ്രദർശനം, അപൂർവ ശേഖരങ്ങളുള്ള മ്യൂസിയം, മറൈൻ അക്വേറിയം, വിവിധ ലബോറട്ടറികൾ, ഹാച്ചറികൾ തുടങ്ങിയ സന്ദർശിക്കാനും വിദഗ്ധരുമായി ആശയവിനിമയം നടത്താനും അവസരമുണ്ടാകും. തിമംഗലം, ഡോൾഫിന് തുടങ്ങിയ കടൽസസ്തനികളെകുറിച്ചുള്ള പ്രത്യേക പവലിയനാണ് ഇത്തവണത്തെ പ്രധാന ആകർഷണം.ഏറ്റവും വലിയ മത്സ്യമായ തിമിംഗല സ്രാവ്, കടൽ മുയൽ, പറക്കും കൂന്തൽ, കടൽ വെള്ളരി, പലതരം കടൽ സസ്യങ്ങൾ, കടൽപാമ്പുകൾ, വിഷമത്സ്യങ്ങൾ തുടങ്ങി മൂവായിരത്തോളം സമുദ്ര ജൈവവൈവിധ്യങ്ങളുടെ ശേഖരമടങ്ങുന്നതാണ് സിഎംഎഫ്ആർഐയിലെ നാഷണൽ മറൈൻ ബയോഡൈവേഴ്സിറ്റി മ്യൂസിയം.

സിഎംഎഫ്ആർഐയുടെ ഗവേഷണമേഖലകൾ അടുത്തറിയാനും സംശയനിവാരണത്തിനും പ്രദർശനം പ്രയോജനപ്പെടും.കൂടാതെ, കാർഷിക അനുബന്ധ മേഖലകളിലെ ഉന്നത പഠനം, തൊഴിൽസാധ്യതകൾ എന്നിവ പരിചയപ്പെടുത്തുന്ന പ്രത്യേക സെഷൻ 2.30 മുതൽ നാല് വരെ നടക്കും. സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് ഉൾപ്പെടെ വിവിധ ശാസത്രജ്ഞർ വിദ്യാർത്ഥികളുമായി സംവദിക്കും.

